കുളം ലാ കോളേജ് അത്തരം സ്ഥാപനമായി സ്ഥാപിക്കും, അത് ഗവണ്മെന്റിന് തയ്യാറാണെങ്കിൽ ആലോചിക്കാമെന്നു പറഞ്ഞു. എന്റെ അഭിപ്രായത്തിൽ എറണാകുളം ലാ കോളേജാണെങ്കിലും എവിടെയാണെങ്കിലും ഒരു ദേശീയ സ്ഥാപനം കേരളത്തിന് അവകാശപ്പെട്ടതാണ്. ദേശീയ രംഗത്ത് ഉന്നതമായ സ്ഥാപനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലുണ്ട്. നാം സാക്ഷരതയിൽ എല്ലാം നേടി ക്കഴിഞ്ഞു. പക്ഷേ ഇന്ന് എല്ലാ രംഗത്തും കേരളം പിന്നിലാണ്. ആ പോരാ യ്മയ്ക്ക് പരിഹാരമുണ്ടാകണം. കേന്ദ്ര ഗവണ്മെന്റ് ആരംഭിക്കാൻപോകുന്ന ഒരു ദേശീയ നിയമ വിദ്യാഭ്യാസ പഠന കേന്ദ്രം കേരളത്തിന് ലഭിക്കണം. അതിനുവേണ്ടിയുള്ള ശക്തമായ സമ്മർദ്ദം കേന്ദ്രഗവണ്മെന്റിൽ ചെലുത്താനും ബാംഗ്ലൂരിലെ നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യയുടെ മാതൃകയിൽ കേരളത്തിൽ ഒരു സ്ഥാപനമുണ്ടാക്കാനുമുള്ള നടപടികൾ സംസ്ഥാന ഗവ ണ്മെന്റ് വളരെ വൈകാതെ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീ. രാംജഠ്മലാനിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനപ്പുറത്തുള്ള രേഖകൾ ഒന്നും ഇല്ല. ഏതായാലും വളരെ പ്രസക്തിയുള്ള ഒരു കാര്യമാണ്. ബാംഗ്ലൂരിലെ നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യയുടെ മാതൃകയിൽ കേരളത്തിൽ ഒരു നാഷണൽ ലാ സ്കൂൾ സ്ഥാപിക്കാൻ നമുക്ക് എല്ലാ അവകാശങ്ങളുമുണ്ട്. സ്ഥാപിക്കാൻ പോകുന്ന ആറ് നാഷണൽ സ്കൂളുകളിലൊന്ന് കേരളത്തിലായിരിക്കണമെന്ന് ശക്തമായി ആവശ്യപ്പെടുന്നതാണ്. കേന്ദ്രമന്ത്രി ശ്രീ. രാംജഠ്മലാനിയെ താമ സംവിനാ നേരിട്ട് കണ്ട് ഈ ആവശ്യം ഉന്നയിക്കുന്നതാണ്.

(8) അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ

12 Noon

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, കേരളത്തിലെ മുപ്പതിനായിര ത്തോളം വരുന്ന അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാ രുടെയും വളരെക്കാലമായിട്ടുള്ള പ്രശ്നങ്ങൾ ഞാൻ വീണ്ടും സഭയിൽ ഉന്നയിക്കുകയാണ്. ഇപ്പോൾ നടക്കുന്നത് പന്ത്രണ്ടാമത് സമ്മേളന മാണ്. ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും എല്ലാ സമ്മേളനത്തിലും ഈ കാര്യങ്ങൾ ഉന്നയിക്കാറുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ കുഞ്ഞുങ്ങളെ സാമൂ ഹ്യമായും വിദ്യാഭ്യാസപരമായും മാനസികമായും ഉയർത്തിക്കൊണ്ടുവരാൻ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർ മാർക്കും പാർട്ട്ടൈം സ്വീപ്പർക്ക് ലഭിക്കുന്ന വേതനംപോലും ലഭിക്കുന്നില്ല. കേന്ദ്ര ഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റുമാണ് ഇത് നൽകുന്നത്. വർക്കർ എന്നു പറയുന്ന എസ്.എസ്.എൽ.സി. പാസ്സായ സഹോദരിമാർക്ക് കേന്ദ്രം 500 രൂപ നൽകുമ്പോൾ സംസ്ഥാന ഗവണ്മെന്റ് 263 രൂപയാണ് നൽകുന്നത്. ഹെൽപ്പർമാരുടെ സ്ഥിതി അതിലും ദയനീയമാണ്. 460 രൂപയാണ് ഈ ഹെൽപ്പർമാർക്ക് അംഗൻവാടികളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. നിയ മസഭയ്ക്കു മുന്നിലും സെക്രട്ടേറിയറ്റിനു മുന്നിലും അവർ നിരവധി തവണ സമരം ചെയ്തിട്ടുണ്ട്. ധനകാര്യവകുപ്പുമന്ത്രി ഈ നിയമസഭയിൽ പ്രഖ്യാ പിച്ചു അംഗൻവാടി വർക്കർമാർക്ക് ക്ഷേമനിധി ഉണ്ടാക്കുമെന്ന്. പക്ഷെ ബഹു മാനപ്പെട്ട സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ പാവപ്പെട്ട വിഭാഗത്തിന് അങ്ങ് എന്തെങ്കിലും ആശ്വാസം നൽകണമെ ന്നാണ്. എല്ലാ തൊഴിലാളികൾക്കും മിനിമം വേജസ് ആക്ടനുസരിച്ചുള്ള വേതനം ലഭിക്കുന്നു. അവർക്ക് മാത്രം ഈ ആക്ടും നിയമവുമില്ല. ജനകീയാ

LIBRARY ARCHIVES Kerala Legislative Assembly

സൂത്രണപദ്ധതിപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പു പ്രഖ്യാപിച്ച 100 രൂപ എല്ലാവർക്കും നൽകണമെന്നു പറഞ്ഞുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ഒരു ഓർഡർ ഇറക്കിയിട്ടുണ്ട്. ആ ഓർഡർ പ്രകാരം എത്ര പഞ്ചായത്തുകൾ അവർക്ക് 100 രൂപ കൊടുത്തിട്ടുണ്ടെന്ന് പരിശോധിക്കണം. മിക്കവാറും പഞ്ചായത്തുകളും നൽകിയിട്ടില്ല. അത് ഹെൽപ്പർമാർക്കും വർക്കമാർക്കും ബാധകമാണോ എന്ന് ക്ളാരിഫിക്കേഷൻ ലഭിക്കാത്തതുമൂലം 100 രൂപ നീക്കി വച്ചത് അവർക്ക് നൽകാൻ സാധിച്ചിട്ടില്ല. മാത്രമല്ല അവരുടെ റിട്ടയർമെന്റ് ഏജ് ഇതുവരെ നിശ്ചയിച്ചിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ പെൻഷൻപറ്റി പിരിയേണ്ട വയസ്പോലും നിശ്ചയിക്കാൻ കഴിവില്ലാത്ത ഒരു ഗവണ്മെന്റാണോ? കേന്ദ്രത്തിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല യെന്നു പറഞ്ഞ് അവർ സർവീസിൽ നിന്നും എന്ന് പിരിയണമെന്നതിനെക്കുറിച്ച്, പിരിയേണ്ട വയസ് പോലും നിശ്ചയിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് റിട്ടയർമെന്റ് ഏജ് നിശ്ചയിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ക്ഷേമനിധി രൂപീകരിക്കുമെന്ന് ധനകാര്യവകുപ്പുമന്ത്രിയും അങ്ങും ഈ സഭയിൽ പറഞ്ഞതാണ്. അവർക്ക് ക്ഷേമനിധി എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ മിനിമം വേജസ് ആക്ട് ഇല്ലെങ്കിൽപോലും പ്രീപ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് കൊടുക്കുന്ന ശമ്പളം എങ്കിലും അവർക്ക് നൽകി ഈ 30,000 ത്തോളം വരുന്ന നമ്മുടെ കുഞ്ഞുങ്ങളെ വളർത്തുന്ന, അവരെ സംരക്ഷിച്ചു കഴിയുന്ന അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഐ.സി.ഡി.എസ്. പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അവരുടെ നിയന്ത്രണത്തിനു വിധേയമായിട്ടാണ് നമ്മൾ പ്രവർത്തനം നടത്തുന്നതെങ്കിലും സംസ്ഥാനത്ത് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തും ഈ ഗവണ്മെന്റിന്റെ കാലത്തും 100 രൂപ വീതം അവരുടെ വേതനത്തിൽ വർദ്ധിപ്പിച്ചു കൊടുത്തിട്ടുണ്ട്. അതൊരു സന്നദ്ധ സേവനമായിട്ടാണ് കേന്ദ്ര ഗവണ്മെന്റ് കണക്കാക്കുന്നത്. ഇതു സംബന്ധിച്ച് നിരവധി പ്രാവശ്യം ഞാൻ കേന്ദ്ര മന്ത്രിമാരെ കണ്ട് സംസാരിക്കുകയുണ്ടായി. മിനിമം ലീവിംഗ് ഒന്നുമില്ലെങ്കിലും ആയിരം രൂപ 10 വർഷം സർവ്വീസ് ഉള്ളവർക്കെങ്കിലും കൊടുത്തിട്ട് പിന്നെ പീരിയോഡിക്കലായിട്ട് ഒരു ഇൻക്രീസ് കൊടുക്കണമെന്ന് പറഞ്ഞ് പല പ്രാവശ്യം അവരെ സമീപിച്ചു. മാറി മാറി വരുന്ന മന്ത്രിമാരെ കണ്ട് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഇന്നും അനുകൂലമായ ഒരു മനോഭാവം അവരിൽ നിന്നും ഉണ്ടായിട്ടില്ല. സംസ്ഥാന ഗവണ്മെന്റ് 200 രൂപ കൊടുത്തു കഴിഞ്ഞു. ഇനിയും വർദ്ധിപ്പിക്കണമെന്ന് ആഗ്രഹമുണ്ട്. സാമ്പത്തിക സ്ഥിതിയാണ് അതിന് തടസ്സമായി നിൽക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി അനുഭാവപൂർവ്വമായിട്ടാണ് ഇതിനെ കാണുന്നത്. ജനകീയാസൂത്രണപദ്ധതി പ്രകാരമുള്ള 100 രൂപ അംഗൻവാടി ജീവനക്കാർക്ക് കൊടുക്കുന്നതിന് പഞ്ചായത്തുകൾ വാങ്ങിക്കുന്നത് വളരെ ഗുരുതരമായ പ്രശ്നമാണ്. വാസ്തവത്തിൽ കൊടുക്കേണ്ടതാണ്. പഞ്ചായത്ത് ജീവനക്കാർ മറ്റ് ജോലികൾക്ക് പോകുമ്പോൾ ഹെൽപ്പർമാരാണ് പഞ്ചായത്തിലെ മുഴുവൻ പണികളും ചെയ്യുന്നത്. പക്ഷെ അവർക്കും ഈ സഹായം കൊടുത്തിട്ടില്ല. അത് വളരെ ഗൗരവമായ പ്രശ്നമാണ്. ഇത്രയും പണി എടുക്കുന്ന ആളുകൾക്ക് ന്യായമായ വേതനം കൊടുക്കാൻ കഴിയുന്നില്ല എന്നുള്ള ഗൗരവമായ സ്ഥിതിയുണ്ട്. അത് ഞാൻ ഇനിയും കേന്ദ്രഗവണ്മെന്റിന്റെ ശ്രദ്ധ

883/2010.

LIBRARY ARCHIVES Kerala Legislative Assembly

യിൽപ്പെടുത്താം. സംസ്ഥാന ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുമായിട്ട് ആലോചിച്ച് ചെയ്യാം. തീർച്ച യായിട്ടും അവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കേന്ദ്രം തന്നെ ആ കാര്യങ്ങൾ ചെയ്യേണ്ടതാണ്. ശക്തമായിട്ടുള്ള സമരങ്ങൾ അതിനെതിരായിട്ട് അഖിലേൻഡ്യാ തലത്തിൽ അംഗൻവാടി ജീവനക്കാർ നട ത്തുന്നുണ്ട്. പക്ഷെ ഇന്നും കേന്ദ്രഗവണ്മെന്റിന്റെ കണ്ണ് തുറപ്പിക്കുവാൻ കഴി ഞ്ഞിട്ടില്ല. അതുപോലെതന്നെ പെൻഷൻ സ്കീമിനെ സംബന്ധിച്ച് കേന്ദ്രഗവ ണ്മെന്റുമായിട്ട് ..... നമ്മുടെ തന്നെ എന്തെങ്കിലും പെൻഷൻ സ്കീം കൊണ്ടുവരണമെങ്കിൽ എത്ര വയസ്സിൽ അവർ റിട്ടയർ ചെയ്യുമെന്ന് കേന്ദ്ര ഗവണ്മെന്റ് പറഞ്ഞേ കഴിയൂ. ഇക്കാര്യവും ഞാൻ വീണ്ടും കേന്ദ്രത്തിന്റെ ശ്രദ്ധ യിൽപ്പെടുത്തി. ഒന്നുമില്ലെങ്കിലും സൂപ്പർ ആനുവേഷൻ എത്ര വയസ്സാണെന്നു നിങ്ങൾ പറഞ്ഞാൽ ഞങ്ങൾ ഒരു പെൻഷൻ സ്കീം കൊണ്ടുവരാൻ വേണ്ടി സഹായിക്കാമെന്നു പറഞ്ഞപ്പോൾ കേന്ദ്ര മന്ത്രി എന്നോട് പറഞ്ഞത് കേരളം പല സ്കീമുകളും കൊണ്ടുവരുന്നുണ്ട്. അതുപോലെ എല്ലാ സംസ്ഥാന ങ്ങൾക്കും കഴിയുകയില്ല. അതുകൊണ്ട് ഞങ്ങൾ സൂപ്പർആനുവേഷൻ ഏജ് പ്രഖ്യാപിച്ചാൽ മറ്റ് സംസ്ഥാനങ്ങൾക്ക് ബുദ്ധിമുട്ടാകും. അത് പ്രഖ്യാപി ക്കാതെ നമുക്ക് അവർക്ക് റിട്ടയർമെന്റ് ആനുകൂല്യം കൊടുക്കാനോ പെൻഷൻ സ്കീം കൊണ്ടുവരാനോ കഴിയുകയില്ല. ഇന്ന് ഒരു ചെറിയ പെൻഷൻ സ്കീം ഉണ്ട്. അതനുസരിച്ച് അവർക്ക് ക്ഷേമനിധിയിൽ നിന്നും സേവനം അവസാനിക്കുമ്പോൾ ധനസഹായം കൊടുക്കുന്നുണ്ട്. ഈ ധനസ ഹായത്തിന് സംസ്ഥാന ഗവണ്മെന്റിന്റെ വിഹിതം 10 ശതമാനം ആണ്. മറ്റുള്ള തൊഴിലാളികൾക്ക് കൊടുത്തതുപോലെ ഈകൽ കോൺട്രിബ്യൂഷൻ ആക്ക ണമെന്ന് ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അത് വന്നാൽ കുറ ച്ചുകൂടി മെച്ചപ്പെട്ട സ്ഥിതി ഉണ്ടാക്കാൻ കഴിയും. അദ്ദേഹം ഇതെല്ലാം കൺസി ഡർ ചെയ്യുന്നുണ്ട്. പണത്തിന്റെ ബുദ്ധിമുട്ട് കൊണ്ടാണ് ഇതൊന്നും ചെയ്യാതി രിക്കുന്നത്. വളരെ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ഹൗസിൽ തന്നെ അദ്ദേഹം പറഞ്ഞതാണ്. അതുകൊണ്ട് പെൻഷൻ സ്കീം ഏർപ്പെടുത്തുന്നതി നുവേണ്ടി കേന്ദ്രത്തോട് സൂപ്പർആനുവേഷൻ ഏജ് പ്രഖ്യാപിക്കാനുള്ള സമ്മർദ്ദം ചെലുത്തുന്നതാണ്. അതുപോലെതന്നെ ഇവിടെ ചെയ്യാവുന്ന കാര്യ ങ്ങൾ ഗവണ്മെന്റ് തീർച്ചയായും ചെയ്യുന്നതായിരിക്കും.

(9) കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും ടാർ വാങ്ങുന്നതിനുമുള്ള തുക

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, സംസ്ഥാനത്തെ പൊതുമരാമത്തു പണികൾ സമയ ബന്ധിതമായി ഏറ്റെടുത്ത് നടത്തുന്നതിന് ഈ സർക്കാർ കൈക്കൊള്ളുന്ന നടപടിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പൊതുമരാമത്തു പണികൾ നടത്താൻ ഏറ്റവും അനുയോജ്യമായ സീസൺ ആണ്. എന്നാൽ അറേഞ്ച് ചെയ്തിട്ടുള്ള പല വർക്കുകളും സപ്ലൈ പൂർത്തീകരിച്ചു കഴിഞ്ഞിട്ടും ടാറിന്റെ ലഭ്യതക്കുറവുമൂലം തുടങ്ങാൻ സാധിക്കുന്നില്ല. പലയിടങ്ങളിലും സപ്ലൈ ചെയ്തിട്ടുള്ള കല്ലുകൾ ജനപ്രതിനിധികൾക്ക് വലിയ ബാദ്ധ്യതയായിട്ട് ഇപ്പോൾ മാറിയിരിക്കുകയാണ്. ടാർ വാങ്ങുന്നതിനുള്ള പണം മുൻകൂറായിട്ട് തരാൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കുന്നില്ലെയെന്നുള്ളതുകൊണ്ടാണ് ടാർ ക്ഷാമം വന്നത്. ഡിസംബർ 31-നകം കുഴികൾ അടയ്ക്കുന്നതിനാവശ്യ

LIBRARY ARCHIVES Kerala Legislative Assembly